LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ പഞ്ചായത്തുകളിലെ പാരമ്പര്യേതര വൈദ്യുതി ഉല്പാദനം

157 (5562) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, ജില്ല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജൈവ-ദ്രവ്യ ഗ്യാസ് ഫയറുകൾ സ്ഥാപിക്കുവാൻ പദ്ധതിയിട്ടിരുന്നുവോ ;

(ബി) 2009-2010 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) ഇതുവരെ ഏതൊക്കെ ജില്ലാ പഞ്ചായത്തുകൾ ഇത്തരം സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രാദേശികാടിസ്ഥാനത്തിൽ യുക്തമായ ബിസിനസ് മോഡലുകൾ ഉണ്ടാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് വൈദ്യുതി ബോർഡ് എന്തൊക്കെ സാങ്കേതിക സഹായങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഇ) നടപ്പ് വർഷം ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ പുതിയ സംരംഭങ്ങൾ തുടങ്ങാനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) അനെർട്ടിന്റെ വിഹിതമായി ഈ സാമ്പത്തിക വർഷം 300 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടുകൾ അന്തിമഘട്ടത്തിലാണ്.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള ചുമതല വഹിക്കുന്ന ഏജൻസികൾ

158 (T5563) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലഭ്യമായ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പരമാവധി ചൂഷണം ചെയ്യുന്നതും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള ചുമതല ഏതൊക്കെ ഏജൻസികളാണ് വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഏജൻസികളുടെ കഴിഞ്ഞ രണ്ടു വർഷത്തെ (2008-2009,2009-2010) പ്രവർത്തനങ്ങളെക്കുറിച്ചും അതുമുഖേനയുണ്ടായ നേട്ടത്തെക്കുറിച്ചും വിശദമാക്കുമോ ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ മേഖലയിൽ അക്ഷയ ഊർജ്ജം, സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം. ചെറുകിട ജലശക്തി എന്നിവയുടെ വികസനത്തിലൂടെ ഊർജ്ജ ലഭ്യത റികസിപ്പിക്കുന്നതിന് അനെർട്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവയിൽ ജൈവോർജ്ജം, ചെറുകിട ജലശക്തി ഇവയെ സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്.

(ബി) ഭരണഘടനാ ഭേദഗതി 73, 74 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ പെട്ടതാണ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും, ഉപയോഗപ്പെടുത്തലും. അടുത്തയിടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റു നാഷ്ണൽ സോളാർ മിഷൻ (JNNSM)പദ്ധതി രേഖകൾ പ്രകാരം അനെർട്ട് പാരമ്പര്യേതര ഊർജ്ജ വികസനത്തിന് ചുമതലപ്പെട്ട സംസ്ഥാനതല നോഡൽ ഏജൻസിയാണ്. JNNSM പദ്ധതി മാർഗ്ഗരേഖാ പ്രകാരം സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ പങ്കാളിത്തം സ്വരൂപിക്കുന്നതിനും, സംസ്ഥാന സർക്കാരിന്റെ സമീപന രേഖാ ഉത്തരവുപ്രകാരം പവന വൈദ്യുതോത്പാദന ത്തിനും സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കുന്നതിനും നിർദ്ദേശങ്ങളുണ്ട്. ഇതനുസരിച്ച് പവന വൈദ്യുതോത്പാദനത്തിന് മൂന്നു സ്വകാര്യ കമ്പനി കൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ വെസ്-സ്റ്റാസ് വിൻഡ് ടെക്നോളജി ഇൻഡ്യാ ലിമിറ്റഡ്, സർജൻ റിയാലിറ്റീസ് ലിമിറ്റഡ്, സുസ്ലോൺ എനർജി ലിമിറ്റഡ് എന്നിവയാണ്. JNNSM പദ്ധതിയിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള 13 ഏജൻസികളിൽ 12 എണ്ണം സ്വകാര്യ മേഖലയിലുള്ളവയാണ്. ഇതുവരെ അനുമതിയൊന്നും നൽകിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

രാമക്കൽമേട് വിൻഡ്ഫാമിന്റെ പ്രവർത്തന പുരോഗതി

159 (5564) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ;
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാമക്കൽമേട് വിൻഡ്ഫാമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly